## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1167** **08/02/2013-ൽ മറുപടിക്ക്**

## <u>എസ്.എസ്.എൽ.സി. ബുക്കിലെ തെറ്റുതിരുത്ത്</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ബഷീർ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) നിലവിൽ എസ്.എസ്.എൽ.സി. ബുക്കിലെ തെറ്റുകൾ തിരുത്താൻ ആർക്കാണ് അധികാരം നൽകിയിട്ടുള്ളത്; ആയതിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടോ; | (എ) കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ 6-ാം അദ്ധ്യായത്തിലെ 3-ാം ചട്ടപ്രകാരമാണ് യോഗ്യതാ സർട്ടിഫിക്കറ്റിലെ ജനനത്തീയതി തുടങ്ങിയ തിരുത്തലുകൾ നടത്തുന്നതിന് പരീക്ഷാ ജോയിന്റ് കമ്മീഷണർക്ക് അധികാരം നൽകുന്നത്. ജോയിന്റ് കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരീക്ഷാഭവൻ സെക്രട്ടറി യോഗ്യതാ സർട്ടിഫിക്കറ്റുകളിൽ ആവശ്യമായ തിരുത്തലുകൾ നടത്തുന്നു. ആതിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ, പ്രസ്തുത നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ? | (ബി) യോഗ്യതാ സർട്ടിഫിക്കറ്റുകളിൽ തിരുത്തൽ വരുത്തുന്നതിന് അപേക്ഷകന് തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകുന്ന ജനന സർട്ടിഫിക്കറ്റിനോടൊപ്പം സഹോദരങ്ങളുടെ ജനന സർട്ടിഫിക്കറ്റ് കൂടി നിർബന്ധമാക്കിയത് ഒഴിവാക്കി. പകരം അപേക്ഷകന്റെ മാത്രം ജനന സർട്ടിഫിക്കറ്റ് ആധികാരിക രേഖയാക്കി. |

കുട്ടികളുടെ മേൽവിലാസം, മാതാപിതാക്കളുടെ പേര് എന്നിവ തിരുത്തി നൽകുന്നതിന് നിലവിലുണ്ടായിരുന്ന നിയമങ്ങൾ അപര്യാപ്തമായതിനാൽ ജനനസർട്ടിഫിക്കറ്റ് ആധികാരിക രേഖയായി പരിഗണിക്കുന്നതോടൊപ്പം ബന്ധപ്പെട്ട വില്ലേജാഫീസർ രക്ഷാകർത്താവിനു നൽകുന്ന സാക്ഷ്യപത്രം കൂടി (One and same Certificate) ആധികാരിക രേഖയായി സ്വീകരിക്കപ്പെട്ടു.

ജനനത്തീയതി തിരുത്തുന്നതിനുള്ള അപേക്ഷ കൈകാര്യം ചെയ്യുന്ന ഫയലിൽ ജനനത്തീയതി തിരുത്തുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള നടപടിക്രമങ്ങളുടെ ഓഫീസ് കോപ്പിയിൽ ജോയിന്റ് കമ്മീഷണർ ഒപ്പിട്ട ശേഷം അസ്സൽ പകർപ്പുകളിൽ ജോയിന്റ് കമ്മീഷണർ വീണ്ടും ഒപ്പുവയ്ക്കുന്നതായിരുന്നു നിലവിലുണ്ടായിരുന്ന രീതി. ഇത് ലഘൂകരിച്ച് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി വേഗത്തിൽ ഫയൽ തീർപ്പാക്കുന്നതിനുവേണ്ടി ജനനത്തീയതി തിരുത്തുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവിന്റെ ഓഫീസ് കോപ്പിയിൽ ജോയിന്റ് കമ്മീഷണർ ഒപ്പിട്ടശേഷം അസ്സൽ പകർപ്പുകളിൽ ജോയിന്റ് കമ്മീഷണറുടെ സ്കാൻ ചെയ്ത ഒപ്പ് പതിച്ച് നൽകുന്ന രീതി നടപ്പിലാക്കി.

Sreedevi

സെക്ഷൻ ഓഫീസർ